(ഇ) ഇല്ല.

(എഫ്) ഉണ്ട്.തീരുമാനമൊന്നും ആയിട്ടില്ല.

വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരണം

19 (*49) ശ്രീ. എം. മുരളി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) 1998-ലെ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ആക്ട് പ്രകാരം കമ്മീഷൻ രൂപീകരിക്കാതിരിക്കാൻ സംസ്ഥാനങ്ങൾക്ക് അവകാശമുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ കാല താമസമുണ്ടായതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) 1989-ലെ ആക്ട് നിലവിൽ വന്നശേഷം നടത്തുന്ന താരിഫ് വർദ്ധന അതോറിറ്റിയുടെ പരിശോധനയ്ക്ക് ശേഷമായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ;

(ഇ) താരിഫ് ഘടനയിലെ അപാകതകൾ പരിശോധിച്ച് പരിഹരിക്കാൻ അതോറിറ്റിയ്ക്ക് ആക്ട് അധികാരം നൽകുന്നുണ്ടോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. എസ്. ശർമ്മ) ;

(എ,ബി,സി,ഡി&ഇ) കേരളത്തിൽ വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി

20 (*50) ശ്രീ. പി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) അസംഘടിത തൊഴിലാളികൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പുതിയ സഹസ്രാബ്ദത്തിലെ ആദ്യ മെയ്ദിനം തൊഴിലാളി പങ്കാളിത്തത്തോടെ വിപുലമായി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[22-2-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 20(*50) ന്റെ 'ബി' ഉത്തരം ദയവായി കാണുക.]

അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടമോ മരണമോ സംഭവിച്ചാൽ പരിരക്ഷ നൽകുന്നതിനായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതിൽ പ്രധാനമായും താഴെ പറയുന്ന അസംഘടിത മേഖലയിൽ പണിയെടുക്കുന്ന 8 വിഭാഗം തൊഴിലാളികളെ ഉൾപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

1. പാറമടയിൽ പണിയെടുക്കുന്നവർ
2. ആനകളെ കൈകാര്യം ചെയ്യുന്നവരും ശുശ്രൂഷിക്കുന്നവരും
3. പടക്കശാലയിൽ പണിയെടുക്കുന്നവർ
4. മണൽ വാരൽ തൊഴിലിൽ ഏർപ്പെടുന്നവർ
5. വനത്തിൽ പണിയെടുക്കുന്നവർ
6. മണ്ണുകുഴിച്ചെടുക്കൽ പണി ചെയ്യുവന്നവർ
7. കിണർ കുഴിക്കുന്നവർ
8. മരം കയറ്റ തൊഴിലിൽ ഏർപ്പെടുന്നവർ

2. 14 വയസ്സിന് മുകളിൽ പ്രായമുള്ള 25000 തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ആദ്യഘട്ടത്തിൽ നൽകാനാവുമെന്നാണ് പ്രതീക്ഷ. തൊഴിലാളി അപകടത്തിൽ മരണപ്പെടുകയോ അപകടം മൂലം സ്ഥിരമായ അവശത സംഭവിക്കുകയോ ചെയ്താൽ 50,000 രൂപയും ഒരു കണ്ണോ, കാലോ അപകടത്തിൽ നഷ്ടപ്പെട്ടാൽ 25,000 രൂപയും രണ്ട് കാലോ അല്ലെങ്കിൽ രണ്ട് കണ്ണുമോ അതല്ലായെങ്കിൽ ഒരു കണ്ണും ഒരു കാലുമോ നഷ്ടപ്പെട്ടാൽ 50,000 രൂപയും നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയുമായി സഹകരിച്ചാണ് ഈ പദ്ധതി ആവിഷ്ക്കരിക്കുന്നത്. ലേബർ സെക്രട്ടറി, ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനി സീനിയർ ഡിവിഷണൽ മാനേജരുമായി 28-7-1999-ലും ലേബർ കമ്മീഷണർ, ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനി സീനിയർ ഡിവിഷണൽ മാനേജർ, ഡിവിഷണൽ മാനേജർ എന്നിവരുമായി 14-12-99-ലും ഇത് സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. നിലവിലുള്ള പ്രീമിയം തുകയിൽ വ്യത്യാസം വരികയും പ്രീമിയം തുക പുതുക്കി നിശ്ചയിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുള്ളതിനാൽ നേരത്തേ അംഗീകരിച്ച വ്യവസ്ഥകൾ ഇപ്പോൾ അംഗീകരിക്കാനാവില്ലെന്ന് ഇൻഷ്വറൻസ് കമ്പനി അറിയിച്ചു. ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനി ഭേദഗതി ചെയ്ത നിർദ്ദേശങ്ങൾ (Modified proposal) ഉടനെ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനെ പ്ലാനിംഗ് വകുപ്പ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് സമഗ്ര ഇൻഷ്വറൻസ് ഏർപ്പെടുത്തുക എന്നത് സർക്കാർ പ്രഖ്യാപിച്ച 'ലേബർ അജൻഡ'യിലെ ഒരിനമാണ്. ഇതിനായി വിവിധ ഇൻഷ്വറൻസ് ഏജൻസികളുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽസ് (proposals) തയ്യാറാക്കിവരുന്നു.

ലേബർ അജൻഡയുടെ ഭാഗമായി അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ചികിൽസയ്ക്കുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി ഒരു മെഡിക്കൽ റിലീഫ് ഫണ്ട് രൂപീകരിക്കുന്നതാണ്. ഇത് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ അറിയിച്ചിട്ടുണ്ട്. കൂടാതെ, ലേബർ അജൻഡയിലെ ചുവടെ ചേർക്കുന്ന ഇനങ്ങൾ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് കൂടി പ്രയോജനം ചെയ്യുന്നതാണ്.

1. തൊഴിലാളികളെ കടക്കെണിയിൽ നിന്നും മോചിപ്പിക്കാനും അവർക്ക് നുണുങ്ങ് വായ്പകൾ (Micro credit))നൽകാനും ഉദ്ദേശിച്ച് സ്ഥാപിക്കുന്ന ലേബർ ബാങ്ക്.
2. തൊഴിലാളികളുടെ ക്രയശേഷി വർദ്ധിപ്പിക്കാനും അവരെ ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കാനുമുള്ള 'വിശപ്പിൽ നിന്നു വിമോചനം' (Freedom from Hunger))പദ്ധതി.
3. തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുവാനുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ റിലേഷൻസ് ആൻഡ് മാനേജ്മെന്റ്.
4. തൊഴിലാളികൾക്കായുള്ള മെയ്ദിന പാർപ്പിട പദ്ധതി.
5. വിദഗ്ദ്ധ തൊഴിലാളികൾക്ക് വിദേശത്ത് തൊഴിലവസരം നൽകാനുള്ള ODEPC ന്റെ പദ്ധതി.

അനുബന്ധം III

[22-2-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 25 (*55) ന്റെ 'സി' ഉത്തരം ദയവായി കാണുക.]

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതായത് 20-5-1996-ന് ശേഷം തിരുവനന്തപുരം ശുദ്ധജല വിതരണ പദ്ധതിയിൽ 2-1-1997-ൽ കുമ്മിയിലും 15-12-97-ൽ കുട്ടപ്പാറയിലും പൈപ്പ് പൊട്ടിയത്മൂലം കുടിവെള്ളം മുടങ്ങി. പ്രസ്തുത സംഭവങ്ങളെക്കുറിച്ച് അന്വേഷണം നടത്തുകയും അനന്തര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ പൊട്ടലുകൾ കൂടാതെ ദക്ഷിണമേഖലാ ചീഫ് എഞ്ചിനീയറുടെ അധികാര പരിധിയിൽ വരുന്ന വിവിധ പ്രദേശങ്ങളിൽ ചെറുതും വലുതുമായ 180 ഓളം പൈപ്പ് പൊട്ടൽ സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇവ മൂലം പലയിടത്തും ഭാഗികമായോ പൂർണ്ണമായോ ജലവിതരണം തടസ്സപ്പെട്ടിട്ടുണ്ട്. മിക്കവാറും എല്ലാം സ്വാഭാവികമായ പൊട്ടലുകൾ ആയതുകൊണ്ട് പ്രത്യേകമായ അന്വേഷണം നടത്തിയിട്ടില്ല. മദ്ധ്യ മേഖല ചീഫ് എഞ്ചിനീയറുടെ അധികാരപരിധിയിൽ വരുന്ന ആലുവായിലെ ഡി.ആർ.പി. പൈപ്പ് 5 തവണ പൊട്ടിയിട്ടുണ്ട്. ഈ പൊട്ടലിനെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly